"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - പെരുവന്താനം ഗ്രാമ പഞ്ചായത്ത്- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നടപടിക്രമങ്ങൾ പാലിക്കാതെ ഏറ്റെടുത്ത മഴവെള്ള സംഭരണി നിർമ്മാണ പദ്ധതിയ്ക്കായി സാധന സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരന് തുക നൽകുന്നത് - WP(C)1189/2021-ാം നമ്പർ കേസിന്മേൽ ബഹു.ഹൈക്കോടതിയുടെ 05.04.2022ലെ ഉത്തരവ് പാലിക്കുന്നത് സംബന്ധിച്ച് തുടർ നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1483/2023/LSGD തീയതി,തിരുവനന്തപുരം, 20-07-2023

---

പരാമർശം:-

1. WP(C) No.1189/2021 നമ്പർ കേസിൽ ബഹു.ഹൈക്കോടതിയുടെ 05.04.2021-ലെ ഉത്തരവ്
2. Contempt case No.1691/2022(S) in WP(C) No.1189/2021-ൽ ബഹു. ഹൈക്കോടതിയുടെ 09.12.2022-ലെ ഉത്തരവ്
3. സ.ഉ.(സാധാ) നം.3254/2022/LSGD തീയതി 31-12-2022
4. WA No.1651/2022, WA No.1792/2022 എന്നിയവയിന്മേൽ ബഹു.ഹൈക്കോടതിയുടെ 09.02.2023-ലെ ഉത്തരവ്
5. സ.ഉ.(സാധാ) നം.519/2023/LSGD തീയതി 01-03-2023
6. സ.ഉ.(സാധാ) നം.620/2023/LSGD തീയതി 16-03-2023
7. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 07.07.2023-ലെ NREGA/293/2022 നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്ത് 2019-20-ലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാനിന് കീഴിൽ വ്യക്തിഗത മഴവെള്ള സംഭരണി നിർമ്മാണം എന്ന പ്രവൃത്തി ഏറ്റെടുക്കുകയും ആയതിന്റെ നിർമ്മാണത്തിന് സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ശ്രീ.ബോബൻ വർക്കി എന്ന കരാറുകാരന് ടെണ്ടർ നൽകുകയുമുണ്ടായി. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ 27.11.2019-ലെ S.O.4274(E) നോട്ടിഫിക്കേഷൻ പ്രകാരം വ്യക്തിഗത മഴവെള്ള സംഭരണി നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ഏറ്റെടുക്കുന്നത് വിലക്കിയ സാഹചര്യത്തിൽ, ടി നോട്ടിഫിക്കേഷൻ തീയതിയ്ക്ക് മുൻപ് സാങ്കേതിക അനുമതി ലഭ്യമാക്കി നിർവ്വഹണ നടപടി പൂർത്തീകരിച്ച നിർമ്മാണങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കാവുന്നതാണ് എന്ന് മിഷൻ ഡയറക്ടർ ഗ്രാമ പഞ്ചായത്തിനെ അറിയിച്ചിരുന്നു. തുടർന്ന് 27.11.2019 മുതൽ ശ്രീ.ബോബൻ വർക്കിയ്ക്ക് നൽകിയിരുന്ന സപ്ലൈ ഓർഡറുകൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റദ്ദ് ചെയ്യുകയുണ്ടായി.

എന്നാൽ 154 സൈറ്റുകളിൽ സാധനസാമഗ്രികൾ വിതരണം ചെയ്തതായും ഇതിൽ 67 സൈറ്റുകളിലെ തുകയായ ₹68,95,200/- ലഭ്യമായില്ല എന്നും ടി തുക ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് കരാറുകാരൻ ഫയൽ ചെയ്ത കേസിൽ ബഹു.ഹൈക്കോടതി പരാമർശം (1) ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കരാറുകാരന് നൽകേണ്ട തുകയ്ക്കുള്ള പ്രപ്പോസൽ പെരുവന്താനം ഗ്രാമ പഞ്ചായത്തും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും തൊഴിലുറപ്പ് മിഷൻ ഡയറക്ടർക്ക് സമർപ്പിക്കുന്നതിനും മിഷൻ ഡയറക്ടർ രേഖകൾ പരിശോധിച്ച് ക്രമ പ്രകാരമാണെങ്കിൽ തുക അനുവദിക്കാനുമാണ് ടി ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നത്.

2. പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണ ഏജൻസിയായ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ നിയമ ലംഘനങ്ങൾ ചൂണ്ടിക്കാട്ടി MGNREGS സംസ്ഥാന മിഷൻ ബഹു: ഹൈക്കോടതി ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ, റിട്ട് അപ്പീൽ എന്നിവ സമർപ്പിച്ചെങ്കിലും അവ തള്ളിക്കൊണ്ട് ശ്രീ. ബോബൻ വർക്കിക്ക് അനുകൂലമായി ബഹു: ഹൈക്കോടതി ഉത്തരവായിരുന്നു. അതേ സമയം പരാമർശം (1) ഉത്തരവ് നടപ്പാക്കികിട്ടുന്നതിന് വേണ്ടി കരാറുകാരൻ സമർപ്പിച്ച കോടതി അലക്ഷ്യ ഹർജിയിൽ പരാമർശം (2) ഉത്തരവ് പുറപ്പെടുവിക്കപ്പെട്ട സാഹചര്യത്തിൽ കോടതി വിധി നടപ്പാക്കേണ്ട അടിയന്തിര സാഹചര്യം ഉണ്ടായതിനാൽ ക്രമപ്രകാരമുള്ളവയായി റിപ്പോർട്ട് ചെയ്ത ബില്ലുകളുടെ ആധികാരികത ഉറപ്പ് വരുത്തി ഏത് സ്കീം പ്രോഗ്രാം/പ്രോജക്ടിൽ ഉൾപ്പെടുത്തിയാണോ സാധന സാമഗ്രികളുടെ വിതരണത്തിന് ഓർഡർ നൽകിയതെന്ന് കണ്ടെത്തി ഓഫീസ് രേഖകൾ പരിശോധിച്ച് തുക അനുവദിച്ച് നൽകുന്ന കാര്യത്തിൽ പെരുവന്താനം ഗ്രാമ പഞ്ചായത്തിന് തന്നെ ഉചിതമായ തീരുമാനം എടുക്കാവുന്നതാണ് എന്നും അപ്രകാരം പഞ്ചായത്ത് തുക അനുവദിക്കുന്നതിലൂടെ സാമ്പത്തിക നഷ്ടം ഉണ്ടായതായി കണ്ടെത്തിയാൽ ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ടി തുക ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ തന്നെ തിരികെ ഒടുക്കേണ്ടതാണെന്നും പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

3. എന്നാൽ പെരുവന്താനം ഗ്രാമ പഞ്ചായത്ത് ടി ഉത്തരവ് പാലിക്കുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിലും, പരാമർശം (1) ഉത്തരവിനെതിരെ മിഷൻ ഡയറക്ടർ സമർപ്പിച്ച റിട്ട് അപ്പിൽ നിരസിച്ച് മൂന്നാഴ്ചയ്ക്കകം പരാമർശം (1) ഉത്തരവ് നടപ്പാക്കണമെന്ന് നിർദ്ദേശിച്ച് ബഹു.ഹൈക്കോടതി പരാമർശം (4) ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിലും, ബഹു.കോടതി വിധി നടപ്പാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന മിഷൻ ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം പരാമർശം (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്രമപ്രകാരമുള്ളതെന്ന് കണ്ടെത്തിയ ബില്ലുകളുടെ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട്/പ്ലാൻ ഫണ്ട്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കരാറുകാരന് വിതരണം ചെയ്ത് പരാമർശം (4) കോടതി ഉത്തരവ് പാലിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കാൻ പെരുവന്താനം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കർശന നിർദ്ദേശം നൽകി പരാമർശം (5) ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ടി ഉത്തരവ് പാലിക്കാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാകാതിരുന്ന സാഹചര്യത്തിൽ ക്രമപ്രകാരമുള്ള ബില്ലുകളുടെ തുകയായ ₹4,44,210/- തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിൻ ഫണ്ടിൽ നിന്നും അനുവദിച്ച് നൽകുന്നതിന് പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു.

4. WP(C) 1189/2021 കേസിൽ ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച വിധി പുന:പരിശോധിക്കേണ്ട ആവശ്യമില്ല എന്ന് വ്യക്തമാക്കിയാണ് റിവിഷൻ പെറ്റിഷൻ സിംഗിൾ ബഞ്ച് തള്ളിയിട്ടുള്ളത്. ഇതേ കാരണം വ്യക്തമാക്കിക്കൊണ്ടും സംസ്ഥാന മിഷനും ഗ്രാമപഞ്ചായത്തും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും വിവിധ സന്ദർഭങ്ങളിൽ ഉന്നയിച്ചിട്ടുള്ള മറ്റു കാര്യങ്ങൾ സർക്കാർ സംവിധാനത്തിൽ തന്നെ തീർപ്പാക്കേണ്ടതാണെന്നും അത്

കരാറുകാരന്റെ തുക നിഷേധിക്കുന്നതിനു കാരണമാകരുതെന്നും നിരീക്ഷിച്ചുകൊണ്ട് സിംഗിൾ ബഞ്ചിന്റെ ഉത്തരവ് 3 ആഴ്ചയ്ക്കുള്ളിൽ നടപ്പാക്കുന്നതിനു ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഗ്രാമപഞ്ചായത്ത് സംസ്ഥാന മിഷനു നൽകിയ ഫണ്ട് പ്രൊപ്പോസൽ സംബന്ധിച്ച വിവരങ്ങൾ ബഹു.കോടതിയെ മിഷൻ ഡയറക്ടർ അറിയിക്കുകയും ഇതിന്മേൽ ബഹു.കോടതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കെതിരെ കോടതി അലക്ഷ്യ നടപടികൾ ആരംഭിക്കുകയും ചെയ്യുകയുണ്ടായി.

5. ബാക്കി ലഭിക്കാനുള്ള 54 പ്രവൃത്തികളുടെ തുക ലഭ്യമാക്കണം എന്ന് ശ്രീ. ബോബൻ വർക്കി കോടതി അലക്ഷ്യ കേസിൽ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നേരിട്ട് ഹാജരാകാൻ കോടതി നിർദേശിക്കുകയും തുടർന്ന് പെരുവന്താനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ₹18,11,010/- (പതിനെട്ട് ലക്ഷത്തി പതിനൊന്നായിരത്തി പത്ത് രൂപ മാത്രം) ശ്രീ.ബോബൻ വർക്കിയ്ക്ക് അനുവദിക്കുന്നതിനുള്ള പാസ്സാക്കിയ ബില്ലുകളും പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള അപേക്ഷയും മിഷൻ ഡയറക്ടർക്ക് സമർപ്പിക്കുകയുണ്ടായി. ബഹു.ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബില്ലുകൾ പാസാക്കി ഫണ്ടിനു അപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ പണം ഗ്രാമപഞ്ചായത്തിന് അനുവദിച്ച് നൽകേണ്ട ബാധ്യത ഉണ്ടെന്ന നിയമോപദേശം അഡ്വക്കേറ്റ് ജനറൽ നൽകിയിട്ടുണ്ടെന്നും ടി സാഹചര്യത്തിൽ പരാമർശം (6) പ്രകാരം അനുവാദം നൽകിയതിന് സമാനമായി തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവിൽ നിന്നും ബിൽ തുക മാറുന്നതിനുള്ള അനുവാദം നൽകുന്നതിനും ടി തുക ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ഈടാക്കി തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ടിൽ തിരികെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും പരാമർശം (7) പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ ബഹു.ഹൈക്കോടതി ഉത്തരവുകളുടെ പശ്ചാത്തലത്തിലെ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു:

(a) പെരുവന്താനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പ്രൊപ്പോസൽ പ്രകാരമുള്ള ₹18,11,010/- (പതിനെട്ട് ലക്ഷത്തി പതിനൊന്നായിരത്തി പത്ത് രൂപ മാത്രം) തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിൻ ഫണ്ടിൽനിന്നും MIS മുഖേന അല്ലാതെ MGNREGS മിഷൻ ഡയറക്ടർക്ക് ഗ്രാമപഞ്ചായത്തിന് അനുവദിച്ച് നൽകാവുന്നതാണ്. ഇപ്രകാരം ലഭ്യമാവുന്ന തുക ശ്രീ.ബോബൻ വർക്കിയിൽ നിന്നും നിയമാനുസൃതം ഈടാക്കാനുള്ള എല്ലാ അടവുകളും ഈടാക്കിക്കൊണ്ട് ടിയാന് പെരുവന്താനം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കൈമാറേണ്ടതാണ്.

(b) ഇപ്രകാരം അനുവദിക്കുന്ന തുകയുടെ മുഴുവൻ ഉത്തരവാദിത്തവും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസി ആയ ഗ്രാമ പഞ്ചായത്തിനും കരാർ വച്ചതും തുക പാസാക്കിയതുമായ ഉദ്യോഗസ്ഥർക്കും ആയിരിക്കുന്നതാണ്.

(c) ടി തുക ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിന്റെ അടുത്ത ഗഡുവിൽ/ഗഡുക്കളിൽ നിന്നോ കിഴിച്ച് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിൻ ഫണ്ട് കൈകാര്യം ചെയ്യുന്ന ചുവടെ പറയുന്ന ബാങ്ക് അക്കൗണ്ടിൽ ഒടുക്കുന്നതാണ്.

A/C No.30547754486

Branch: SBI, Nanthencodu, Thiruvananthapuram

IFSC Code: SBIN 0007898

(d). ഇത്തരമൊരു കേസും കോടതിയലക്ഷ്യ സാധ്യതയും ഉണ്ടാകാനിടയായ സാഹചര്യവും, സപ്ലൈ ചെയ്ത സാധന സാമഗ്രികൾ എന്തുചെയ്തു എന്നും അടക്കമുള്ള വസ്തുതകൾ LSGD ചീഫ് എഞ്ചിനിയറുടെ പ്രതിനിധി കൂടി ഉൾപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭ്യന്തര വിജിലൻസ് സംവിധാനം മുഖേന വിശദമായി പരിശോധിച്ച് ഒരു മാസത്തിനകം തുടർ നടപടി ശുപാർശകൾ അടങ്ങുന്ന റിപ്പോർട്ട് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജുക്കുട്ടൻ എം എസ്

അഡിഷണൽ സെക്രട്ടറി

മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്., തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി., തിരുവനന്തപുരം
ഡയറക്ടർ, എൽ.എസ്.ജി.ഡി.(റൂറൽ) തിരുവനന്തപുരം
സെക്രട്ടറി, പെരുവന്താനം ഗ്രാമപഞ്ചായത്ത്, പെരുവന്താനം, ഇടുക്കി
ധനകാര്യ (SFC-A) വകുപ്പ് (ഉത്തരവിലെ ഖണ്ഡിക (6-c) പ്രകാരമുള്ള മേൽ നടപടിക്കായി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ& പിആർഡി (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

Signed by

Nisam N

Date: 20-07-2023 17:01:42

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സ്സ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്